മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 19

# വാർത്താക്കുറിപ്പ്

---

## ബി എഡ് ഏകജാലകം: 2 ആം അലോട്മെന്റ് പ്രസിദ്ധീകരിച്ചു.

ബി എഡ് ഏകജാലകം: 2 ആം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. 2 ആം അലോട്മെന്റിൽ പുതുതായി അലോട്മെന്റ് ലഭിച്ചവർ 23 / 08 / 2022 4 .00 പി എം നു മുൻപായി നിശ്ചിത സർവ്വകലാശാല ഫീസ് ഒടുക്കി പ്രവേശനമെടുക്കേണ്ടതാണ്. സ്ഥിരപ്രവേശമാഗ്രഹിക്കുന്നവരും ഒന്നാംഓപ്ഷനിൽ അലോട്മെന്റ് ലഭിച്ചവരും പ്രവേശനത്തിനായി നേരിട്ട് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് . താത്കാലിക പ്രവേശമെടുക്കുന്നവർ നിശ്ചിത സർവ്വകലാശാല ഫീസ് ഒടുക്കി മോഡ് ഓഫ് അഡ്മിഷൻ കൺഫേം ചെയ്ത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. പ്രവേശാർത്ഥികൾ 23 / 08 / 2022 4 .00 പി എം നു മുൻപായി പ്രവേശനം നേടിയതിന്റെ കൺഫർമേഷൻ സ്ലിപ് ഡൌൺ ലോഡ് ചെയ്തു സൂക്ഷിക്കേണ്ടതാണ്. കൺഫർമേഷൻ സ്ലിപ് ഇല്ലാതെ പരാതികൾ സ്വീകരിക്കുന്നതല്ല.

ഒന്നാം അലോട്മെന്റിൽ താത്കാലിക പ്രവേശനം ലഭിച്ചവർക്ക്2 ആം അലോട്മെന്റിലും അതേ അലോട്മെന്റ് സ്റ്റാറ്റസ് തന്നെയാണെങ്കിൽ അത്തരക്കാർ സ്ഥിരഃപ്രവേശം ആഗ്രഹിക്കുന്നുവെങ്കിൽ മാത്രം സ്ഥിരപ്രവേശം സെലക്ട് ചെയ്ത് കോളേജുകളിൽഹാജരായി പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. ഒന്നാം അലോട്മെന്റിൽ താത്കാലിക പ്രവേശനം ലഭിച്ചവർ താത്കാലിക പ്രവേശനത്തിൽ തുടരാൻ ആഗ്രഹിക്കുവെങ്കിൽ ഒന്നും തന്നെ ചെയ്യേണ്ടതില്ല. വിശദവിവരങ്ങൾക്ക് cap@mgu.ac.in എന്ന വെബ്സൈറ്റിലെ വീഡിയോഡെമോകാണുക.

(പി.ആർ.ഒ./39/1170/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി - സി.എസ്.എസ് (2021 അഡ്മിഷൻ - റെഗുലർ/2020 അഡ്മിഷൻ - ഇംപ്രൂമെൻ്റ്, 2020 & 2019 അഡ്മിഷൻ സപ്ലിമെൻററി) ഡിഗ്രി പരീക്ഷ ജൂലൈ 2022 ൻ്റെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 22, 23 തീയതികളിൽ അമല ഗിരി ബി.കെ. കോളേജിൽ വച്ച് നടത്തുന്നതാണ്.

(പി.ആർ.ഒ./39/1171/2022)

## പരീക്ഷാ ഫീസ്

അഫിലിയേറ്റഡ് കോളേജുകളുടെ മൂന്നാം സെമസ്റ്റർ ത്രിവത്സര യൂനിറ്ററി എൽ. എൽ. ബി 2020 അഡ്മിഷൻ റെഗുലർ /2018&2019 അഡ്മിഷൻ സപ്പ്ളിമെന്ററി പരീക്ഷകൾ, മൂന്നാം സെമെസ്റ്റർ ത്രിവത്സര എൽ. എൽ. ബി 2016-2017 അഡ്മിഷൻ സപ്പ്ളിമെന്ററി /2015 അഡ്മിഷൻ ഫസ്റ്റ് മേഴ്‌സി ചാൻസ് /2014 അഡ്മിഷൻ സെക്കന്റ് മേഴ്‌സി ചാൻസ് /2013 അഡ്മിഷൻ തേർഡ് മേഴ്‌സി ചാൻസ് /ഏഴാം സെമെസ്റ്റർ പഞ്ചാവത്സര എൽ. എൽ. ബി 2010 അഡ്മിഷൻ സെക്കന്റ് മേഴ്‌സി ചാൻസ്

/2009 അഡ്മിഷൻ തേർഡ് മേഴ്സി ചാൻസ് പരീക്ഷകൾ എന്നിവക്കു പിഴയില്ലാതെ ആഗസ്റ്റ് 29 വരെയും പിഴയോട്ടുകൂടി 30 നും സൂപ്പർ ഫൈനോട്ടുകൂടി 31 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1172/2022
)

**സ്പോട്ട് അഡ്മിഷൻ**

മഹാത്മഗാന്ധി സർവ്വകലാശാല ഇൻറർ നാഷണൽ ആൻ്റ് ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ നാനോ സയൻസ് ആൻ്റ് നാനോ ടെക്നോളജിയിൽ പുതുതായി ആരംഭിച്ച എം.ടെക് അഡ്വാൻസ്ഡ് പോളി മെറിക് മെറ്റീരിയൽസിൽ സീറ്റൊഴിവുണ്ട്. കെമിക്കൽ/ മെക്കാനിക്കൽ/ പോളിമർ / ഇലക്ട്രിക്കൽ എൻജിനിയറിംഗ് ബിരുദമോ, ഫിസിക്സ് കെമിസ്ട്രി , നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി തുടങ്ങിയവയിൽ ഏതിലെങ്കിലും എം.എസ്.സി ബിരുദമാണ് യോഗ്യത. താത്പര്യമുള്ളവർ ആവശ്യമായ രേഖകൾ സഹിതം ആഗസ്റ്റ് 22 ന് രാവിലെ 10 മണിക്ക് സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർ നാഷണൽ ആൻ്റ് ഇൻറർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി ഓഫീസിൽ എത്തുക. കൂടുതൽ വിവരങ്ങൾക്ക് materials@mgu.ac.in എന്ന ഇ-മെയിൽ വഴി ബന്ധപ്പെടുക

(പി.ആർ.ഒ./39/1173/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് ബിരുദാനന്തര ബിരുദ കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒഴിവുള്ള രണ്ട് സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് 22 തിങ്കൾ രാവിലെ 10 മണിക്ക് നടക്കും.താൽപര്യമുള്ളവർ മണിക്ക് അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2731040, 9249726502.

(പി.ആർ.ഒ./39/1174/2022)

**മാറ്റി വച്ച പരീക്ഷ ആഗസ്റ്റ് 22 ന്**

മഹാത്മാഗാന്ധി സർവ്വകലാശാല ആഗസ്റ്റ് മൂന്നാം തീയതി നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച ആറാം സെമെസ്റ്റർ ബി. ടെക് (ഓൾഡ് സ്കീം )(1997 മുതൽ 2009 വരെയുള്ള അഡ്മിഷൻ മേഴ്സി ചാൻസ് )പരീക്ഷകൾ ആഗസ്റ്റ് 22 ന്നടക്കും . പരീക്ഷ കേന്ദ്രത്തിൽ മാറ്റമില്ല.

(പി.ആർ.ഒ./39/1175/2022)

**പരീക്ഷാ ടൈം ടേബിൾ**

ആഗസ്റ്റ് മാസം നടക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - റീ-അപ്പിയറൻസ് / 2013 അഡ്മിഷൻ - മെഴ്സി ചാൻസ്), മൂന്നാം സെമെസ്റ്റർ സി ബി സി എസ് എസ്, ബി എസ് സി സൈബർ ഫോറെൻസിക് (2014-2018 അഡ്മിഷൻ റീ അപ്പിയറൻസ് പരീക്ഷയോടൊപ്പം അനലറ്റിക്കൽ ഇൻസ്ട്രുമെൻടേഷൻ എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി ടൈം ടേബിൾ പുന:ക്രമീകരിച്ചു. വിശദിവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1176/2022)

നാലാം സെമെസ്റ്റർ ബി. എ, ബി. കോം സി.ബി.സി.എസ്(2020 അഡ്മിഷൻ റെഗുലർ /2017,2018 &2019അഡ്മിഷൻ റീ അപ്പിയറൻസ് -പ്രൈവറ്റ് രെജിസ്ട്രേഷൻ )ബിരുദ പരീക്ഷകൾ സെപ്റ്റംബർ 13 ന് ആരംഭിക്കും. വിശദിവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1177/2022)

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഫിലിം മേക്കിങ് കോഴ്സ്**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിസ്കൂൾ ഓഫ് ലെറ്റേഴ്സിൽ പിജി ഡിപ്ലോമ ഇൻ ഫിലിം മേക്കിങ്2022 - 2023 അധ്യയന വർഷത്തിലെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം.കൂടുതൽ വിവരങ്ങൾക്കായി www.cat.mgu.ac.in എന്നയൂണിവേഴ്സിറ്റി വെബ് സൈറ്റ് സന്ദർശിക്കുക.)

(പി.ആർ.ഒ./39/1178/2022)

**അനിൽകുമാർ ജി.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**